"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -OA 594/2025 നമ്പർ കേസിലെ 04.04.2025 തീയതിയിലെ ഉത്തരവ് നടപ്പാക്കി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം.1895/2025/LSGD തീയതി,തിരുവനന്തപുരം, 31-07-2025

---

പരാമർശം:-

1. 15.3.2024 തീയതിയിലെ സ. ഉ. (സാധാ) നമ്പർ 608/2024/ തസ്വഭവ
2. ശ്രീ മനോജ്കുമാർ പി സി, റെവന്യൂ ഓഫീസർ II ന്റെ 11.12.2024 തീയതിയായ നിവേദനം
3. OA-594/2025 നമ്പർ കേസിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 04.04.2025 തീയതിയിലെ ഉത്തരവ്
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 26.7.2025 തീയതിയിലെ LSGD/PD/23227 /2025LL1 നമ്പർ കത്ത്

**ഉത്തരവ്**

ചങ്ങനാശ്ശേരി നഗരസഭയിൽ അസിസ്റ്റന്റ് സെക്രട്ടറി HG/റവന്യൂ ഓഫീസർ ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.മനോജ് കുമാർ സി, ടിയാൾക്ക് സെക്രട്ടറി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 594/2025 നമ്പർ കേസിലെ പരാമർശം(3) ഉത്തരവിൽ, അപേക്ഷകൻ സമർപ്പിച്ച പരാമർശം(2) Annexure എ6 നിവേദനം പരിഗണിച്ച്, ആവശ്യമെങ്കിൽ വിഷയം ഡി.പി.സി. മുമ്പാകെ സമർപ്പിച്ച്, ഉത്തരവ് ലഭിച്ച തീയതി മുതൽ 3 മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കുവാൻ ഒന്നാം എതിർ കക്ഷിയോട് (സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ് ) നിർദ്ദേശിച്ചിരുന്നു.

2. ശ്രീ.മനോജ് കുമാർ സി, സമർപ്പിച്ച പരാമർശം (2)(Annexure എ6) നിവേദനത്തിൽ, കരുനാഗപ്പള്ളി നഗരസഭയിലെ സീനിയർ ടൈപ്പിസ്റ്റ് ആയ ഉദ്യോഗസ്ഥയുടെ പരാതിയുടെ അടിസ്ഥാനത്തിൽ ടിയാൾക്കെതിരെ കരുനാഗപ്പള്ളി പോലീസ് ക്രൈം നം.308/2021 നമ്പരായി കേസ് രജിസ്റ്റർ ചെയ്തതിന്റെ ഭാഗമായി 28/05/2021 ൽ വി1/6820/21 ഉത്തരവ് പ്രകാരം ബഹു.നഗരകാര്യ ഡയറക്ടർ ടിയാളെ സേവനത്തിൽ നിന്ന് സസ്പെന്റ് ചെയ്തിരുന്നതായും, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഒ.എ നം.983/2021 ഉത്തരവ് പ്രകാരം ടി സസ്പെൻഷൻ ഉത്തരവ് സ്റ്റേ ചെയ്തതിനെത്തുടർന്ന് ടിയാളെ ജോലിയിൽ തിരികെ പ്രവേശിച്ചിട്ടുണ്ടെന്നും 08/03/2022 ലെ ജി.ഒ (ആർ.റ്റി) നം.552/2022/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് പ്രകാരം ടി വിഷയത്തിന് അന്തിമ തീരുമാനം കൈക്കൊള്ളുന്നതിന് ബഹു.നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നെങ്കിലും, നാളിതുവരെ തുടർനടപടി സ്വീകരിച്ചിട്ടില്ലായെന്നും അറിയിച്ചിരുന്നു. പൊതു സർവ്വീസ് രൂപീകൃതമായതു പ്രകാരം സെക്രട്ടറി എൽ.എസ്.ജി.ഡി തസ്തികയിൽ പ്രൊമോഷൻ ലഭിക്കുന്ന ലിസ്റ്റിൽ നിന്ന് ടിയാളെ ഒഴിവാക്കി ജൂനിയർ ആയ ഉദ്യോഗസ്ഥർക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിനു പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കുന്നതായി അറിയാൻ കഴിഞ്ഞതായും, ടിയാന്റെ പേരിൽ വ്യാജ പരാതി നൽകി കേസ് രജിസ്റ്റർ ചെയ്തതാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതിനാൽ ആയതിന്റെ പേരിൽ ടിയാൻറെ പ്രൊമോഷൻ തടയുന്നത്

നീതീകരിക്കാവുന്നതല്ലായെന്നും ടി കേസ് റദ്ദ് ചെയ്യുന്നതിനു സമർപ്പിച്ച Cr. Mc/4141/23 നമ്പർ കേസ് ബഹു.കോടതിയുടെ പരിഗണനയിലാണ് എന്നും ആയതിനാൽ ടിയാൾക്ക് അർഹമായ ഉദ്യോഗകയറ്റം നൽകുന്നതിനു പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകണമെന്നും ശ്രീ.മനോജ് കുമാർ സി അപേക്ഷിക്കുകയുണ്ടായി.

3. ഏകീകൃത തദ്ദേശ സ്വയംഭരണ സർവ്വീസ് വിശേഷാൽ ചട്ട പ്രകാരം, ഏകീകൃത തദ്ദേശ സ്വയംഭരണ സർവ്വീസിന്റെ ഭാഗമായ മുൻ മുനിസിപ്പൽ കോമൺ സർവ്വീസിലെ Revenue Officer Grade-I/Personal Assistant to Secretary/ Council Secretary/Accounts Officer എന്നീ തസ്തികകൾ, സെക്രട്ടറി LSGI കാറ്റഗറിയിൽ വരുന്ന സമാന തസ്തികകളായി മാറിയിട്ടുണ്ട്. Revenue Officer Grade-I/ Personal Assistant to Secretary/ Council Secretary/Accounts Officer എന്നീ തസ്തികകളിലേക്കുള്ള പ്രൊമോഷന് പൊതുചട്ടങ്ങൾ പ്രകാരവും, വിശേഷാൽ ചട്ടങ്ങൾ പ്രകാരമുള്ള മറ്റ നിബന്ധനകൾ പാലിച്ചുകൊണ്ടും, പരമാവധി മൂന്ന് വർഷത്തെ കാലയളവിലേക്ക് (2 0 2 3 മുതലുള്ള കലണ്ടർ വർഷം) ഡി.പി.സി. നടപടിക്രമത്തിൽ ഇളവ് അനുവദിച്ചുകൊണ്ട് സ്ഥാനകയറ്റം നടത്തുന്നതിന് അനുമതി നൽകി പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

4. അപേക്ഷകൻ സമർപ്പിച്ച Annexure എ6 നിവേദനത്തിൻമേൽ പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള പരാമർശം (4) റിപ്പോർട്ടിൽ, പരാമർശം (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി, മുനിസിപ്പൽ കോമൺ സർവ്വീസിലെ റവന്യൂ ഓഫീസർ ഗ്രേഡ് -II തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ 07/10/2023-ലെ LSGD/PD/349/2023-GEA2 നമ്പർ ഉത്തരവ് പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ നിന്നും സീനിയോറിറ്റി നമ്പർ 31 വരെയുള്ള ജീവനക്കാർക്ക് നിലവിൽ സെക്രട്ടറി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടെന്നും ടി സീനിയോറിറ്റി ലിസ്റ്റിൽ സീനിയോറിറ്റി നമ്പർ 25 ആയി ഉൾപ്പെട്ടിരിക്കുന്ന ശ്രീ.മനോജ് കുമാർ.സി. യ്ക്കെതിരെ അച്ചടക്ക നടപടികൾ നിലനിൽക്കുന്നതിനാൽ, ടിയാൾക്ക് സ്ഥാനക്കയറ്റം അനുവദിച്ച് നൽകിയിട്ടില്ലെന്നും അറിയിക്കുകയുണ്ടായി.

5. കരുനാഗപ്പള്ളി നഗരസഭയിൽ യു.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ സേവനം അനുഷ്ഠിച്ചിരുന്ന ഉദ്യോഗസ്ഥയുടെ പരാതിയുടെ അടിസ്ഥാനത്തിൽ ടിയാൾക്കെതിരെ, 1960 ലെ കേരള സിവിൽ സർവീസസ് (തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ ചട്ടം 15 പ്രകാരം ആരംഭിച്ചിട്ടുള്ള അച്ചടക്ക നടപടിയുടെ ഭാഗമായി, ടിയൾക്കെതിരെയുള്ള ആരോപണങ്ങളെ സംബന്ധിച്ച് ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഔപചാരിക അന്വേഷണ ഉദ്യോസ്ഥനെ നിയമിച്ചുകൊണ്ട് 24.03.2025 ൽ ഉത്തരവായിട്ടുള്ളതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

6. പ്രസ്തുത വിഷയത്തിൽ തന്നെ കേസ് നമ്പർ 308/2022 u/s 354 IPC പ്രകാരം ശ്രീ.മനോജ് കുമാർ.സി. യ്ക്കെതിരെ അന്വേഷണം പൂർത്തീകരിച്ച് കുറ്റപത്രം തയ്യാറാക്കി കോടതി മുമ്പാകെ സമർപ്പിച്ച് CC 745/2021 നമ്പരായി കേസ് നിലനിൽ ക്കുന്നതായി 09.02.2022 ൽ കരുനാഗപ്പള്ളി സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ കരുനാഗപ്പള്ളി നഗരസഭയിൽ പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി പ്രകാരമുള്ള ഭവനനിർമ്മാണ ധനസഹായ വിതരണത്തിൽ ക്രമക്കേട് നടത്തിയെന്ന ആരോപണത്തിൽ വിജിലൻസ് & ആന്റ് കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകളുമായി ബന്ധപ്പെട്ടും, അപേക്ഷകൻ ഉൾപ്പെടെ 4 പേർക്കെതിരെ 1960 ലെ കേരള സിവിൽ സർവീസസ് ചട്ടം 16 പ്രകാരം സർക്കാർ തലത്തിൽ ആരംഭിച്ച അച്ചടക്കനടപടി നിലനിൽക്കുന്നുണ്ട്. ഇപ്രകാരം OA 594/2025 നമ്പർ കേസിലെ ഹർജിക്കാരനായ ശ്രീ.മനോജ് കുമാർ.സി. യ്ക്കെതിരെ നിലവിൽ അച്ചടക്ക നടപടികൾ തുടരുന്നതിനാൽ, ടിയാന് മുനിസിപ്പൽസെക്രട്ടറി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിച്ചിട്ടില്ലെന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

7. അപേക്ഷകന് സീനിയോറിറ്റി ലിസ്റ്റ് പ്രകാരം മുനിസിപ്പൽസെക്രട്ടറി തസ്തികയിൽ ഉദ്യോഗകയറ്റത്തിന് അർഹതയുണ്ടെങ്കിലും ടിയാനെതിരെ ക്രൈം കേസ് നിലനിൽക്കുന്ന സാഹചര്യത്തിലും പ്രസ്തുത വിഷയത്തിൽ കഠിനശിക്ഷയ്ക്കുള്ള അച്ചടക്കനടപടി നിയമനാധികാരി മുമ്പാകെ തുടരുന്ന സാഹചര്യത്തിലും ടിയാന് സ്ഥാനകയറ്റം നൽകാവുന്നതല്ല .

8. മേൽ വിവരിച്ച സാഹചര്യത്തിൽ, സെക്രട്ടറി തസ്തികയിലേയ്ക്ക് ഉദ്യോഗകയറ്റം നൽകുന്നതിനു ബഹു.പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ.മനോജ് കുമാർ സി, സമർപ്പിച്ച Annexure A6 അപേക്ഷ നിലവിൽ പരിഗണനാർഹമല്ലായെന്ന് കണ്ട് നിരസിച്ചുകൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

9. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 594/2025 നമ്പർ കേസിലെ 04.04.2025 തീയതിയിലെ ഉത്തരവ് ഇപ്രകാരം നടപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം
**Signed by Sonu Jacob**
**Date: 01-08-2025 05:38:07**

സെക്ഷൻ ഓഫീസർ

അഡ്വക്കേറ്റ് ജനറൽ (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ ഡയറക്ടർ
ശ്രീ മനോജ്കുമാർ പി സി (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന )
കരുതൽ ഫയൽ /ഓഫീസ് കോപ്പി